**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1109</u>** **<u>18-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായുള്ള റോഡ് നവീകരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri G. Sudhakaran**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2018-ലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം തെരെഞ്ഞെടുത്തിരുന്ന ഇരുപത്തി ഒൻപത് റോഡുകൾക്കായി 5119.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജർമ്മൻബാങ്കിന്റെയും ലോകബാങ്കിന്റെയും ധനസഹായത്തോടെയാണ് പ്രസ്തുത റോഡുകൾ കെ.എസ്സ്.ടി.പി പുനർനിർമ്മിക്കുന്നത്. |
| (ബി) | പ്രസ്തുത റോഡുകൾ പ്രകൃതിദുരന്ത അതിജീവനക്ഷമതയുള്ള രീതിയിൽ നിർമ്മിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഏത് കൺസൽട്ടന്റിന്റെ സേവനമാണ് ഉപയോഗിക്കുന്നത്; അവർ ഇത് സംബന്ധിച്ച വിശദമായ പദ്ധതി രൂപരേഖ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | മേൽ പദ്ധതിയിലെ റോഡുകൾ പ്രകൃതി ദുരന്ത അതിജീവനക്ഷമതയോടെയാണ് നിർമ്മിക്കുന്നത്. ഇതിനായി കെ.എസ്സ്.ടി.പി M/S Egis India Consulting Engineers Pvt, Ltd, M/s Louis Berger International Company, M/s Feedback Infra Pvt Ltd, M/S L&T Infrastructure Engineering Company, M/s Feedback Infra Pvt Ltd, M/s L&T Infrastructure Engineering Ltd എന്നീ നാല് കൺസൾട്ടന്റുകളുടെ സേവനമാണ് ഉപയോഗിക്കുന്നത്. ഈ കൺസൾട്ടന്റുകൾ 29 പദ്ധതികളുടെയും രൂപരേഖകൾ സമർപ്പിച്ചു കഴിഞ്ഞു |
| (സി) | പ്രസ്തുത റോഡ് നിർമ്മാണത്തിന് ഇതിനകം റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ നിന്നും തുക കൈമാറി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ നിന്നും ആകെ 190 കോടി രൂപ ഇതിനോടകം കെ.എസ്സ്.ടി.പിയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 100 കോടി രൂപ ജർമ്മൻ ബാങ്കിന്റെയും 90 കോടി രൂപ ലോകബാങ്കിന്റെയും ധനസഹായം ആണ്. |
| (ഡി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ എത്ര കി.മീ. റോഡ് നിർമ്മാണം ആരംഭിച്ചുവെന്നും എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (ഡി) | ഒൻപത് റോഡുകളിലായി ആകെ 252 കി.മീ ദൂരത്തിലെ റോഡ് നിർമ്മാണം നിലവിൽ ആരംഭിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിനായി ആകെ 5,22,47,952/- (അഞ്ചുകോടി ഇരുപത്തിരണ്ട് ലക്ഷത്തി നാല്പത്തേഴായിരത്തി തൊള്ളായിരത്തി |

| | | | |
|---|---|---|---|
| | | | അൻപത്തിരണ്ട്) രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ